# A L P SCHOOL PANAMANNA WEST PATHAMKULAM

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026



## ഉള്ളടക്കം


- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ-ഒറ്റ നോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ

**വിദ്യാലയത്തിന്റെ പേര്**

**എ .എൽ.പി.സ്കൂൾ പനമണ്ണ വെസ്റ്റ് ,പത്താംകുളം**

- ഫോൺ:9496296218
- ഇമെയിൽ:alpspanamannawest@gmail.com

## <u>അടിസ്ഥാന വിവരങ്ങൾ</u>

- സ്കൂൾ കോഡ്:20230
- വിദ്യാഭ്യാസ ഉപജില്ല:ഒറ്റപ്പാലം
- വിദ്യാഭ്യാസ ജില്ല:ഒറ്റപ്പാലം
- റവന്യൂ ജില്ല:പാലക്കാട്
- ബി.ആർ.സി:ഒറ്റപ്പാലം
- സി.ആർ.സി:എ എൽ പി സ്കൂൾ പനമണ്ണ വെസ്റ്റ്
- ഗ്രാമ പഞ്ചായത്ത്/വാർഡ് നമ്പർ: അനങ്ങനടി വാർഡ് -9
- ബ്ലോക്ക് പഞ്ചായത്ത്:ഒറ്റപ്പാലം
- ജില്ലാ പഞ്ചായത്ത്:പാലക്കാട്
- നിയമ സഭാ മണ്ഡലം:ഷൊർണൂർ
- ലോക സഭാ മണ്ഡലം:ഷൊർണ്ണൂർ
- താലൂക്ക്:ഒറ്റപ്പാലം
- വില്ലേജ്:അനങ്ങനടി

# ആമുഖം

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ്സ്  വരെ വിവിധ ക്ലാസുകളിലായി 161  പഠിതാക്കളുണ്ട്. എൽ എസ് എസ് പരീക്ഷയിൽ തുടർച്ചയായി പഞ്ചായത്തിൽ തന്നെ ഉന്നത  വിജയം നേടാൻ സാധിച്ചിട്ടുണ്ട്. എൽ.എസ്.എസ് പൊതുപരീക്ഷയിൽ  സമാന വിദ്യാലയങ്ങളെ അപേക്ഷിച്ച് വിജയശതമാനത്തിൽ ബഹുദൂരം മുന്നിലാകുവാൻ  സാധിച്ചിട്ടുണ്ട്. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ സാന്നിദ്ധ്യമറിയിച്ച നിരവധി പേർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്.

# ലക്ഷ്യങ്ങൾ

1) മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2) അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3) എൽ. കെ.ജി. മുതൽ നാലാം  ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കും അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതിമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.

4) അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം ' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും ' വിദ്യാഭ്യാസം
സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് ' എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തേയും
സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയഅന്തരീക്ഷം
സൃഷ്ടിക്കൽ.

3. മാനവികത, സ്നേഹം, കരുണ, വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും
രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

4. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റേർസ്
എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

➢ എസ്.ആർ.ജി യോഗം, സ്റ്റാഫ് യോഗം, പി.ടി.എ യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

➢ അക്കാദമികാവശ്യങ്ങൾക്ക് ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ പദ്ധതി,ലക്ഷ്യം,പ്രവർത്തനം,എസ്റ്റിമേറ്റ് തുക, കാലയളവ്, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ.

➢ കരട് രൂപരേഖ SRG, SMC, PTA, MPTA, STAFF COUNCIL എന്നിവർക്ക് മുൻപിൽ അവതരിപ്പിക്കൽ.

➢ ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

➢ സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ

* ഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം
* ഇംഗ്ലീഷ് പഠന പരിപോഷണം
* ശാസ്ത്രപോഷണ പരിപാടി
* വായനാ പരിപോഷണം
* പ്രതിഭാപോഷണ പരിപാടി
* പഠനയാത്രകൾ
* കലാ -കായികമേള
* ഐ. ടി. പരിശീലനം
* അദ്ധ്യാപക ശാക്തീകരണ പരിപാടികൾ
* ക്ലാസ്സ് പി. ടി എ. സജീവമാക്കൽ
* സ്കൂൾ പത്രം\മാസിക
* പ്രവൃത്തി പരിചയപഠനം
* ഒന്നാം ക്ലാസ്സ് ഒന്നാംതരം
* എസ്. ആർ .ജി. ശക്തീകരണം
* ശാസ്ത്രാഭിരുചി വളർത്തല്
* പോഷകാഹാര പരിപാടി
* ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ
*ഭാഷാലാബ്
*ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ
* ദിനാചരണം
*കായിക പഠനം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## എൽ . പി വിഭാഗം

| ക്രമ. ന മ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|---|
| 1 | അക്ഷര വെളിച്ചം | വായിക്കാനും അറിയാത്ത 2,3,4 ക്ലാസിലെ കുട്ടികളെ അക്ഷരമറിയുന്നവരാക്കി മാറ്റി വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക. | അക്ഷരങ്ങൾ,ചിഹ്നങ്ങൾ ഉറപ്പിക്കൽപ്രവർത്തനം.അക്ഷരകാർഡ,അക്ഷരചിത്രം അക്ഷരപ്പാട്ട്, അക്ഷരകഥകൾ-പദചാർട്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള വൈവിധ്യ പഠനപ്രവർത്തനങ്ങൾ. | 2025-26 |
| 2 | വായന മരം | നന്നായി വായിക്കാനും-എഴുതാനും അറിയുന്ന കുട്ടികൾക്കായി ഒരുക്കുന്ന വായനമരം-ഒരു മരത്തിനുചുറ്റും ലൈബ്രറി പുസ്തകങ്ങൾ ഒരുക്കി വായനാക്കൂട്ടം-പുസ്തക ചർ ച്ചയും,കവിതാ,കഥാ,അവ തരണം നടത്തി-കുറിപ്പു തയ്യാറാക്കൽ | മരത്തിനു ചുറ്റും-വാക്യകാർഡുകൾ നൽകി വാക്യനിർമ്മാണം, വായന തുടർന്ന് ഇഷ്ടമുള്ള പുസ്തകങ്ങളെടുത്ത് ഗ്രൂപ്പിൽ വായനാ-ചർച്ച പുസ്തകത്തിന്റെആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ-ബാലസഭയിൽ അവതരിപ്പിക്കൽ-കഥ,നാടകം,കവിത മുതലായവ കുട്ടി റേഡിയോവിലൂടെ അവതരിപ്പിക്കാൻ അവസരം. | 2025-26 |
| 3 | അറിവുത്സവം | പത്രവാർത്തകൾ ,അനുകാലികങ്ങൾ വായിച്ച് അറിവു നേടുക ക്വിസ് മൽസരങ്ങൾ എൽ.എസ്.എസ് പരീക്ഷകളിൽ ഉന്നതവിജയം നേടുക. | ക്ലാസ് ലൈബ്രറി ശാക്തീകരണം-പത്രക്വിസ് വാരാന്ത്യ പതിപ്പ് തയ്യാറാക്കൽ ക്വിസ് മൽസരം എല്ലാ ആഴ്ചയും നടത്തി-പുസ്തകത്തിൽ എഴുതല് | 2025-26 |
| 4 | ഉല്ലാസ ഗണിതം | ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും ചതുഷ്ക്രിയകൾ എളുപ്പമാക്കുന്നതിനും അളവുതൂക്കങ്ങൾ അടിക്കുന്നതിനുമുള്ള കൂടുതല് അവസരമൊരുക്കൽ. | 3 മാസം ഉറപ്പിക്കുന്നതിനുള്ളൂർത്തവസ്തുക്കൾചിത്രങ്ങൾ,ഉപടോഗിച്ച് അളവുതൂക്കം പരിചയപ്പെടൽ നീളം അളക്കൽ വെള്ളമളക്കൽ കളിച്ചന്ത തുടങ്ങി വൈവിധ്യമാർന്ന ക്യാമ്പ് പ്രവർത്തനങ്ങൾ ഒരുക്കുന്നു | 2025-26 |
| 5 | I CAN | കമ്പ്യൂട്ടർ സഹായത്തോടെ തയ്യാറാക്കപ്പെടുന്ന പ്രത്യേക പരിപാടി ഇംഗ്ലീഷ് സംസാരം കേൾ | കമ്പ്യൂട്ടർ സഹായത്തോടെ കാർട്ടൂൺ കഥാപാത്രങ്ങൾ ഒരുക്കൽ . | |

| | | | | |
|---|---|---|---|---|
| | | ക്കാനും പറയാനും കഴിവ് വർധിപ്പിക്കുന്നു. | SPOKEN ENGLISH ന് പ്രാധാന്യം നൽകുന്ന പരിപാടി ഡ്രാമ റോൾപ്ലേ പ്രവർത്തനങ്ങൾ | 2025-26 |
| **6** | LITTLE SCIENTIST | പരിസ്ഥിതി സംരക്ഷണ ശാസ്ത്ര കഴിവുകൾ നിരീക്ഷണംഃ പരീക്ഷണം | പരിസര പഠനാശയങ്ങൾ ഉറപ്പിക്കുന്നതിനും ആഴ്ച്ചയിൽ ഒരു പരീക്ഷണം തയ്യാറാക്കി . പരിസര നിരീക്ഷണ അഭിമുഖം, ശുചീകരണപ്രവർത്തങ്ങൾ, ,പരിസ്ഥിസംരക്ഷണങ്ങൾ | 2025-26 കാർട്ടൂൺ കഥാപാത്രങ്ങൾ |
| **7** | പോഷണം | കുട്ടികളുടെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കാനും നാടൻ വിഭവങ്ങളെ കുറിച്ച് മനസ്സിലാക്കാനുമുള്ള പദ്ധതി | കുട്ടികളുടെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം അമ്മമാരുടെ സഹായത്തോടെ ആഴ്ച്ചയിൽ നാടൻ വിഭവങ്ങൾ ഒരുക്കി നൽകൽ നാടൻ വിഭവ പ്രദർശനം കുടുംബശ്രീ പഞ്ചായത്ത് സഹായത്തോടെ വ്യാപിപ്പിക്കൽ | 2025-26 |
| **8** | മാസ്ഡ്രിൽ-മാനസികാരോഗ്യ പരിശീലനം | ആഴ്ചയിൽ ഒരിക്കൽ മാസ്സ് ഡ്രിൽ, കൗൺസിലിങ്ങ്, കളികൾതുടങ്ങിയവയിലൂടെ മാനസികാരോഗ്യവും കായിക ക്ഷമതയും വർദ്ധിപ്പിക്കുക. | കായികാധ്യാപകരുടെ നേതൃത്വത്തിൽ ഓരോക്ലാസ്സിനും മാസ്ഡൽ കളി പരിശീലനം നാടന് കളികൾകായിക ക്യാമ്പ് സംഘടിപ്പിക്കൽ | 2025-26 |
| **9** | തഅലീമുൽ ലുഅത്ത് [ഭാഷാ പഠനം] | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.,വായനയിലൂടെയും എഴുത്തിലൂടെയും ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യംക്ലാസ് റൂമുകളിൽ ഒരുക്കുക. | വായനാക്കുറിപ്പുകൾ,അറബിക് പത്രവായന,എഴുത്തുകൂട്ടം, പതിപ്പുകളുടെ നിർമ്മാണം,വായമാക്കുറിപ്പ ശേഖരണം,ചുമർപത്രങ്ങള് ,പോസ്റ്ററുകൾ,ആശയവിനിമയ വേദി,യാത്രകൾ,അറബി ഭാഷാ സാഹിത്യ ശേഖരണങ്ങൾ | 1 വർഷം |